# ബാലാവകാശ കമ്മിഷൻ

2022 –23

**വിദ്യാഭ്യാസ അവകാശം–ആക്റ്റ് 2009**

ബാലാവകാശ സംരക്ഷണ നിയമങ്ങളെക്കുറിച്ച് അധ്യാപകർക്കായി ശിൽപശാല സംഘടിപ്പിച്ചു.

ഇടുക്കിയിലെ ഇടമലക്കുടിയിൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ നേരിൽകണ്ട് ബോധ്യപ്പെടുന്നതിനും സത്വരനടപടികൾ ശുപാർശ ചെയ്യുന്നതിനുമായി സംസ്ഥാന ബാലാവകാശ കമ്മീഷൻ ഇടമലക്കുടി സന്ദർശിച്ചു.

സംസ്ഥാനത്തെ വിവിധ മോഡൽ റസിഡൻഷ്യല് സ്കൂളുകളിലും പ്രീ–മെട്രിക് ഹോസ്റ്റലുകളിലും സന്ദർശനം നടത്തി.

**പോക്സോ ആക്റ്റ്–2012**

സംസ്ഥാനത്തെ മുഴുവന് പോലീസ് സ്റ്റേഷനുകളിലും റിപ്പോർട്ട് ചെയ്യപ്പെടുന്ന പോക്സോ കേസുകളുടെ വിവരങ്ങൾ കമ്മീഷൻ തയ്യാറാക്കിയ പ്രൊഫോർമയിൽ ശേഖരിച്ച് ക്രോഡീകരിച്ചു.

പോക്സോ നിയമ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന വകുപ്പുകളുടെ ഏകോപനം ശാക്തീകരിക്കുന്നതിന് സ്ഥാനതലത്തിലും ജില്ലാതലത്തിലും നിരീക്ഷണ സംവിധാനം ഒരുക്കുന്നതിന് വകുപ്പ് മേധാവികളുടെ കൂടിയാലോചനാ യോഗം സംസ്ഥാനതലത്തില് സംഘടിപ്പിച്ചു.

പോക്സോ ആക്റ്റ് നടത്തിപ്പ് സംബന്ധിച്ച് വകുപ്പ് മേധാവികളുമായുള്ള ജില്ലാതല അവലോകന യോഗങ്ങൾ സംഘടിപ്പിച്ചു.

പ്രതികൂല സാഹചര്യങ്ങളിൽ കുട്ടികൾക്ക് എങ്ങനെ യുക്തിപരമായി സധൈര്യം നേരിടാം എന്നത് സംബന്ധിച്ച ബോധവത്ക്കരണ പരിപാടി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ബാലാവകാശ കമ്മീഷനും, പോലീസ് വകുപ്പും, വിദ്യാഭ്യാസ വകുപ്പും ചേർന്ന് യോഗം സംഘടിപ്പിച്ചു.

പോക്സോ ആക്റ്റ് 2012 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഡോക്ടർമാർക്കും സ്പെഷ്യല് പബ്ലിക് പ്രോസിക്യൂട്ടർമാർക്കുമായി ഏകദിന പരിശീലന പരിപാടി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻറെ നേതൃത്വത്തില് 2023 മാർച്ച് 25ന് എറണാകുളം ഹോട്ടൽ അബാദ് പ്ലാസയിൽവെച്ച് സംഘടിപ്പിച്ചു.

ബാലസൗഹൃദകേരളത്തിൻറെ ഭാഗമായി 14 ജില്ലകളിലും ചൈൽഡ് പ്രൊട്ടക്ഷന് കമ്മിറ്റി അംഗങ്ങളെ ഉൾപ്പെടുത്തി ജില്ലാ–ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

പോക്സോ നിയമവുമായി ബന്ധപ്പെട്ട് ു ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്റ്റ് 2012ു എന്ന കൈപുസ്തകം തയ്യാറാക്കുകയും കുട്ടികളുമായി ബന്ധപ്പെട്ട കർത്തവ്യവാഹകർക്ക് വിതരണം ചെയ്യുകയുണ്ടായി.

**ബാലനീതി ആക്റ്റ് 2015**
അഡോപ്ഷൻ റൂൾസ് ആൻറ് റഗുലേഷൻസില് അനുശാസിക്കുന്നതിനെക്കുറിച്ചും ദത്ത് പ്രക്രിയയെക്കുറിച്ചും നിരീക്ഷിക്കുന്നതിന് വകുപ്പുതല മേധാവികളുമായി യോഗം സംഘടിപ്പിച്ചു.

ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ്, 2015 പ്രകാരം സംസ്ഥാനത്തെ വിവിധ ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ പുനരധിവസിപ്പിച്ചിരിക്കുന്ന ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ സർഗ്ഗാത്മക കഴിവുകള് പരിപോഷിപ്പിക്കുന്നതിനും സർഗ്ഗശേഷി പ്രകാശിപ്പിക്കുന്നതിനുമായി വേദി ഒരുക്കുന്നതിനും കുട്ടികളുടെ സംരക്ഷണം സംബന്ധിച്ച് ബോധവൽക്കരിക്കുന്നതിനും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഫെസ്റ്റ് ഓഫ് ഹാപ്പിനസ് എന്ന പരിപാടി ആഗസ്റ്റിൽ സംഘടിപ്പിച്ചു.

സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട ഏഴ് നിയോജക മണ്ഡലങ്ങളിൽ ഏകദിന ബോധവത്കരണ ശില്പശാല സംഘടിപ്പിച്ചു.

കാണാതാകുന്ന കുട്ടികൾക്ക് സർക്കാര് നടപ്പിലാക്കിയ പദ്ധതികള് ഗുണകരമാണോ എന്ന് വിലയിരുത്തുന്നതിനായി കർത്തവ്യവാഹകരുമായി കൂടിയാലോചനാ യോഗം സംഘടിപ്പിച്ചു.

കേരളത്തെ ബാലവിവാഹ വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് കർത്തവ്യവാഹകരുമായി കൂടിയാലോചനാ യോഗം നടത്തി.

കേരളത്തെ ബാലവേല വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് കർത്തവ്യവാഹകരുമായി കൂടിയാലോചനാ യോഗം നടത്തി.

സംസ്ഥാനതലത്തിൽ ബാലാവകാശ വാരാചരണം അതിവിപുലമായി സംഘടിപ്പിച്ചു.

ബാലസൗഹൃദ കേരളം പദ്ധതിയുടെ ഭാഗമായി 152 ബ്ലോക്കുകളില് കുട്ടികളുടെ ഉന്നമനം ലക്ഷ്യംവെച്ച് നാലാം ഘട്ട പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

ബാലനീതി നിയമത്തിൻറെ നടത്തിപ്പുമായി ബന്ധപ്പെട്ട് വനിതാ ശിശുവികസന വകുപ്പ് ഡയറക്ടറുമായി യോഗം സംഘടിപ്പിച്ചു.

ശിശു സംരക്ഷണ സ്ഥാപനാധികാരികളുടെ ഏകദിന പരിശീലനം സംഘടിപ്പിച്ചു.